## പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3938 — 11.11.2019 ൽ മറുപടിക്ക്

## വിഷൻ സെന്ററുകളുടെ പ്രവർത്തനം

| ചോദ്യം<br>ശ്രീമതി ഷാനിമോൾ ഉസ്മാൻ | | ഉത്തരം<br>കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പമന്ത്രി) | |
|---|---|---|---|
| (എ) | ഗ്രാമീണ ജനങ്ങളുടെ കാഴ്ച വൈകല്യങ്ങൾ കണ്ടെത്തി തക്ക സമയത്ത് ചികിത്സ നിർദ്ദേശിക്കുവാൻ കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ നേത്രപരിശോധനക്കുള്ള വിഷൻ സെന്ററുകൾ സ്ഥാപിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ; | (എ) | ഗ്രാമീണ ജനങ്ങളുടെ കാഴ്ച വൈകല്യങ്ങൾ കണ്ടെത്തി ചികിത്സ നിർദ്ദേശിക്കുവാൻ നിലവിൽ 76 കേന്ദ്രങ്ങളിൽ വിഷൻ സെന്ററുകൾ പ്രവർത്തിച്ചു വരുന്നു. 2019-2020 സാമ്പത്തിക വർഷത്തിൽ 170 വിഷൻ സെന്ററുകൾ കൂടി ആരംഭിക്കുവാൻ അംഗീകാരം നൽകുകയും ആയത് പ്രവർത്തന സജ്ജമാക്കുവാൻ വേണ്ടുന്ന നടപടികൾ നടന്നു വരുകയും ചെയ്യുന്നു. |
| (ബി) | ഇതിനായി നാഷണൽ ഹെൽത്ത് മിഷൻ തുക അനുവദിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ; | (ബി) | 2019-2020 സാമ്പത്തിക വർഷത്തിൽ ആരംഭിക്കുന്ന 170 വിഷൻ സെന്ററുകൾക്കായി വിഷൻ സെന്ററൊന്നിന് 1,00,000/- (ഒരു ലക്ഷം രൂപ) പ്രകാരം 170 വിഷൻ സെന്ററുകൾക്കായി ഒരു കോടി എഴുപത് ലക്ഷം രൂപയ്ക്ക് നാഷണൽ ഹെൽത്ത് മിഷൻ അനുമതി നൽകിയിട്ടുണ്ട്. |
| (സി) | പ്രസ്തുത വിഷൻ സെന്ററുകൾ അടിയന്തരമായി സ്ഥാപിക്കുന്നതിനും അവിടെ യോഗ്യരായ ഒപ്ടോമെട്രിസ്റ്റുകളെയും ജീവനക്കാരെയും നിയമിക്കുന്നതിനും നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ? | (സി) | നിലവിൽ പ്രവർത്തിക്കുന്ന 76 വിഷൻ സെന്ററുകളിൽ മാസത്തിൽ നിശ്ചിത ദിവസങ്ങളിൽ നേത്ര പരിശോധന നടത്തുന്നതിനായി ഒപ്റ്റോമെട്രിസ്റ്റുമാരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. പുതുതായി ആരംഭിക്കുവാൻ പോകുന്ന വിഷൻ സെന്ററുകളിലും മാസത്തിൽ നിശ്ചിത ദിവസങ്ങളിൽ നേത്ര പരിശോധന നടത്തുന്നതിനായി ഒപ്റ്റോമെട്രിസ്റ്റുമാരുടെ സേവനം ലഭ്യമാക്കാൻ കഴിയുന്നതാണ്. |

Hari

സെക്ഷൻ ഓഫീസർ